## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4305      21.07.2015 ൽ മറുപടിക്ക്.

# ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേക്കുള്ള നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ : | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സാമൂഹ്യനീതി വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ (സി ഡി പി ഒ) തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന്റെയും പ്രൊമോഷൻ വഴിയുള്ള നിയമനത്തിന്റെയും അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ; | (എ) 1: 4 |
| (ബി) പ്രസ്തുത നിയമനം ഏത് ഉത്തരവു പ്രകാരം എന്നാണ് നിലവിൽ വന്നത് ; അനുപാതം വ്യത്യാസപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന് മുമ്പുള്ള അനുപാതം എന്തായിരുന്നു ; | (ബി) G.O(P) 23/2010/SWD. തീയതി 30.03.2010. 31.03.2010 ന് ശേഷം അനുപാതം വ്യത്യാസപ്പെടുത്തിയിട്ടില്ല. |
| (സി) സംസ്ഥാനത്ത് നിലവിൽ പ്രസ്തുത തസ്തികകൾ എത്ര ; അതിൽ എത്ര ഒഴിവുകളുണ്ടെന്നും വെളിപ്പെടുത്തുമോ ; | (സി) ആകെ CDPO തസ്തികകൾ 258, ഒഴിവുകൾ - 34. |
| (ഡി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ ജോലിചെയ്യുന്നവരിൽ പി.എസ്.സി വഴി നേരിട്ട് നിയമിച്ചവരും, താഴെ തസ്തികകളിൽ നിന്നും പ്രൊമോട്ടു ചെയ്യപ്പെട്ടവരും എത്രയാണെന്നും പ്രൊമോഷനു എന്തെല്ലാം യോഗ്യതകൾ പരിഗണിച്ചുവെന്നും വ്യക്തമാക്കുമോ ; | (ഡി) നേരിട്ടുള്ള നിയമനത്തിലൂടെ ജോലിയിൽ പ്രവേശിച്ചവർ - 18, പ്രൊമോഷനിലൂടെ ടി തസ്തികയിൽ എത്തിയവർ - 206. കേരള സോഷ്യൽ വെൽഫെയർ വിശേഷാൽ ചട്ട പ്രകാരമുള്ള നിബന്ധനകൾ പാലിച്ചാണ് പ്രൊമോഷൻ നടത്തിയിട്ടുള്ളത്. |

| | | |
|---|---|---|
| (ഇ) | സർക്കാർ നിശ്ചയിച്ച അനുപാതം കണക്കലെടുക്കാതെയും, യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രൊമോഷൻ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ; | (ഇ) ഇല്ല. |
| (എഫ്) | നിലവിലുള്ള ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ടു ചെയ്യുന്നതിനും റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ നികത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ? | നിലവിലുള്ള 34 ഒഴിവുകൾ പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി. എസ്. സി. യിൽ നിന്നും ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ.